കണ്ണൂർ ജില്ലയിലെ ആക്സിലറേറ്റഡ് അർബൻ വാട്ടർ സപ്ലൈ സ്കീം

52 [215] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് അർബൻ വാട്ടർ സപ്ലൈ സ്കീം പ്രകാരം എൽ.ഐ.സി.-യുടെ ധനസഹായത്തോടെ നടപ്പാക്കുന്ന കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയും സമീപത്തെ 13 വില്ലേജുകളും ഉൾപ്പെട്ടിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിച്ചതാണ് എന്നും എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിലയിരുത്താറുണ്ടോ;

(ഇ) പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു പ്രത്യേക യോഗം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ഇൻടേക്ക്, കിണർ, പ്ലാന്റ് എന്നിവ പൂർത്തീകരിച്ചു. 900 എം.എം. ജി. ഐ. പമ്പിംഗ് മെയിൻ, 1000 ഗ്രാവിറ്റി മെയിൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള ആദ്യ റീച്ചുകളുടെ പണി തുടങ്ങിക്കഴിഞ്ഞു. 12 വിതരണ ടാങ്കുകൾ നിർമ്മിക്കുവാനുള്ളതിൽ 7 ഭൂതല ടാങ്കുകളും 2 ഉന്നതതല ടാങ്കുകളുമടക്കം 9 ടാങ്കുകളുടെയും പണി പൂർത്തീകരിച്ചുകഴിഞ്ഞു. 2 ഭൂതല ടാങ്കുകളുടെ ടെണ്ടർ അംഗീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. ഒരു ടാങ്കിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ബി) 1996-ൽ ആരംഭിച്ചു. 12/2005-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ താഴെപ്പറയുന്നു.

റോ വാട്ടർ പമ്പിംഗ് മെയിനിന്റെ മൂന്ന് റീച്ചിന്റെ പണി ടെണ്ടർ വിളിച്ച് അറേഞ്ച് ചെയ്യാനുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിനിലുള്ള മൂന്ന് പൈപ്പ് ലൈൻ പാലങ്ങളുടെയും, കൊട്ടാരം ബൂസ്റ്റർ സ്റ്റേഷനിൽ സമ്പ്-കം-പമ്പ് ഹൗസിന്റെയും നടന്നുവരുന്ന പണികൾ പൂർത്തിയാക്കാനുണ്ട്. വെളിയമ്പ്ര ഇൻടേക്ക് പമ്പ് ഹൗസിലും കൊട്ടാരം ബൂസ്റ്റർ സ്റ്റേഷനിലും ട്രാൻസ്ഫോർമറുകളും മോട്ടോർ/പമ്പ് സെറ്റുകളും സ്ഥാപിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly